**പതിനാലാം കേരള നിയമസഭ**
**പത്താം സമ്മേളനം**

23.03.2018 ലെ മറുപടിയ്ക്ക്

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നം. 4925

## സർക്കാർ മോഡൽ റസിഡൻഷ്യൽ സ്കൂളുകൾ

| ചോദ്യം<br>ശ്രീ.പുരുഷൻ കടലുണ്ടി | | ഉത്തരം<br>ശ്രീ. എ. കെ. ബാലൻ<br>പട്ടിക ജാതി - പട്ടിക വർഗ്ഗ പിന്നോക്ക സമുദായ ക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് സർക്കാർ മോഡൽ റസിഡൻഷ്യൽ സ്കൂളുകൾ ആരംഭിച്ചിരിക്കുന്നതിന്റെ ഉദ്ദേശ്യം എന്താണെന്നറിയിക്കാമോ; ഉദ്ദേശ ലക്ഷ്യങ്ങൾ പൂർത്തീകരിക്കാൻ പ്രസ്തുത സ്കൂളുകൾക്ക് കഴിയുന്നുണ്ടോ എന്ന് പരിശോധിച്ചിട്ടുണ്ടോ; | (എ) | സംസ്ഥാനത്തെ സാമ്പത്തികവും സാമൂഹികവുമായി പിന്നോക്കാവസ്ഥയിൽ നിൽക്കുന്ന കുടുംബങ്ങളിലെ മിടുക്കരായ കുട്ടികളെ കണ്ടെത്തി അവർക്ക് നവോദയവിദ്യാലയയുടെ മാതൃകയിൽ താമസ സൗകര്യത്തോടുകൂടി ലഭിക്കാവുന്നതിൽ വച്ച് ഏറ്റവും നല്ല വിദ്യാഭ്യാസം നൽകി സമൂഹത്തിന്റെ മുഖ്യധാരയിൽ എത്തിക്കുന്നതിനും, സാമൂഹ്യ ചുറ്റുപാടുകളെ കുറിച്ച് ബോധവാൻമാരാക്കി മെച്ചപ്പെട്ട ഒരു ഭാവിയിലേക്ക് അവരെ നയിക്കുന്നതിനും ലക്ഷ്യം വച്ചുകൊണ്ടാണ് പട്ടികജാതി വികസന വകുപ്പിനു കീഴിൽ എം.ആർ.എസുകൾ അനുവദിച്ചിട്ടുള്ളത്. വകുപ്പിനു കീഴിലുള്ള എല്ലാ എം.ആർ.എസുകളും മികച്ച നിലവാരം പുലർത്തിവരുന്നവയാണ്. 2016-17 വർഷത്തെ എസ്.എസ്.എൽ.സി പരീക്ഷ എഴുതിയ 291 വിദ്യാർത്ഥികളിൽ 290 പേരും വിജയിക്കുകയുണ്ടായി. ആലപ്പുഴയിൽ പ്രവർത്തിക്കുന്ന പുന്നപ്ര എം.ആർ.എസിന് ISO സർട്ടിഫിക്കറ്റ് ലഭിച്ചിട്ടുണ്ട്. മറ്റുള്ള എം.ആർ.എസുകളിലും സർട്ടിഫിക്കേഷൻ നേടുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.<br><br>മുഖ്യധാരാ സമൂഹത്തിൽ നിന്നും ഒറ്റപ്പെട്ടു കഴിയുന്ന പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് മികച്ച വിദ്യാഭ്യാസ സൗകര്യങ്ങൾ ഒരുക്കി, മികച്ച വ്യക്തിത്വ വികാസത്തിലൂടെ സമൂഹത്തിന്റെ വെല്ലുവിളികൾ ഏറ്റെടുക്കുവാൻ പ്രാപ്തരാക്കുകയെന്നതാണ് പട്ടികവർഗ്ഗ വികസന വകുപ്പിനു കീഴിൽ മോഡൽ റസിഡൻഷ്യൽ സ്കൂളുകൾ ആരംഭിച്ചതിൻറെ ഉദ്ദേശ്യം. |

| | | | |
|---|---|---|---|
| | | | പട്ടികവർഗ്ഗ വികസന വകുപ്പിന് കീഴിൽ സംസ്ഥാനത്തൊട്ടാകെ 20 മോഡൽ റസിഡൻഷ്യൽ സ്കൂളുകൾ പ്രവർത്തിക്കുന്നുണ്ട്. പ്രസ്തുത സ്കൂളുകളിൽ പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക്, താമസിച്ച്, മികച്ച വിദ്യാഭ്യാസം നൽകി, അവരെ വിദ്യാസമ്പന്നരും പൊതു സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് എത്തിക്കുകയും അത് വഴി പട്ടികവർഗ്ഗ സമൂഹത്തിന്റെ ഉന്നത ജീവിതം കെട്ടിപ്പടുക്കുന്നതിന് അവരെ പ്രാപ്തരാക്കുവാനുമാണ് ലക്ഷ്യമിടുന്നത്.<br><br>എല്ലാ മോഡൽ റസിഡൻഷ്യൽ സ്കൂളുകളിലെയും വിദ്യാർത്ഥികളുടെ പഠന പുരോഗതിയും, കാലാനുസൃതമായി നടത്തപ്പെടേണ്ട മാറ്റങ്ങളും മാസം തോറുമുള്ള പ്രോജക്ട് ഓഫീസർ/ട്രൈബൽ ഡവലപ്മെൻറ് ഓഫീസർമാരുടെ മീറ്റിംഗുകളിൽ വിലയിരുത്തുന്നുണ്ട്. കൂടാതെ മോഡൽ റസിഡൻഷ്യൽ സ്കൂളുകളിലെ വിദ്യാർത്ഥികളുടെ പഠനനിലവാരം Centre for Management Development (CMD), Thiruvananthapuram വഴി വിലയിരുത്തിയിട്ടുണ്ട്. |
| (ബി) | മോഡൽ റസിഡൻഷ്യൽ സ്കൂളുകളിലെ കുട്ടികളുടെ അക്കാദമിക, അക്കാദമികേതര കഴിവുകൾ വർദ്ധിപ്പിക്കുന്ന തരത്തിലുള്ള ബോധനം അദ്ധ്യാപകരുടെ ഭാഗത്ത് നിന്നും ലഭ്യമാവുന്നുണ്ടോ എന്ന് പരിശോധിച്ചിട്ടുണ്ടോ? ഉണ്ടെങ്കിൽ നിലവിൽ തുടർന്നുകൊണ്ടിരിക്കുന്ന രീതിയിൽ എന്തെങ്കിലും മാറ്റം വരുത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ; | (ബി) | പരിശോധിച്ചിട്ടുണ്ട്. പാഠ്യപാഠ്യേതര പ്രവർത്തനങ്ങളിൽ മോഡൽ റസിഡൻഷ്യൽ സ്കൂളുകൾക്ക് മുന്നോട്ട് പോകാൻ കഴിയുന്നത് വിദഗ്ദ്ധരായ അദ്ധ്യാപകൻമാരുടെ സേവനം ലഭ്യമായതിനാലാണ്.<br><br>മോഡൽ റസിഡൻ ഷ്യൽ സ്കൂളുകളിലെ അദ്ധ്യാപകരുടെ അദ്ധ്യാപന ശൈലി മാസം തോറും നടക്കുന്ന പ്രിൻസിപ്പാൾ, ഹെഡ് മാസ്റ്റർ, സീനിയർ സൂപ്രണ്ട്, അദ്ധ്യാപകർ എന്നിവരുടെ യോഗത്തിൽ വിലയിരുത്തുന്നുണ്ട്. കൂടാതെ എം.എൽ.എ അദ്ധ്യക്ഷനായുള്ള സ്കൂൾ ഉപദേശക സമിതി, ജില്ലാ കളക്ടർ അദ്ധ്യക്ഷനായുള്ള എക്സിക്യൂട്ടീവ് കമ്മിറ്റി എന്നിവ സ്കൂൾ തലങ്ങളിലും, പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി അദ്ധ്യക്ഷനായുള്ള ഗവേണിംഗ് ബോഡിയും സംസ്ഥാനതലത്തിലും, എം.ആർ.എസ് കളുടെ പ്രവർത്തനം വിലയിരുത്തുന്നുണ്ട്. വിദ്യാർത്ഥികളുടെ അക്കാദമിക, അക്കാദമികേതര പ്രവർത്തനങ്ങൾ വികസപ്പിക്കുന്നതിനുള്ള അദ്ധ്യാപകരുടെ പ്രവർത്തനങ്ങൾ വളരെ തൃപ്തികരമായ |

| | | | |
|---|---|---|---|
| | | | നിലയിലാണ്. ആയതിനാൽ നിലവിലെ സ്ഥിതിയിൽ മാറ്റം വരുത്തുവാൻ ഉദ്ദേശമില്ല. |
| (സി) | വിദഗ്ധരായ അദ്ധ്യാപകരെ എം.ആർ.എസ്സിൽ നിയമിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാമോ? | (സി) | വിദഗ്ധരായ അദ്ധ്യാപകരെ തന്നെയാണ് എം.ആർ.എസ്സ് കളിൽ നിയമിച്ചിട്ടുള്ളത്.<br>പട്ടികവർഗ്ഗ വികസന വകുപ്പിന് കീഴിലുള്ള മോഡൽ റസിഡൻഷ്യൽ സ്കൂളുകളിൽ 18 എണ്ണം സ്റ്റേറ്റ് സിലബസിലും 2 എണ്ണം സി.ബി.എസ്.ഇ സിലബസിലും ആണ് പ്രവർത്തിക്കുന്നത്. സ്റ്റേറ്റ് സിലബസിൽ പ്രവർത്തിക്കുന്ന 18 മോഡൽ റസിഡൻഷ്യൽ സ്കൂളുകളിൽ 11 എണ്ണത്തിലാണ് ഹയർ സെക്കണ്ടറി തലം വരെ ക്ലാസ്സുകൾ ഉള്ളത്. ടി സ്കൂളുകളിലെ ഹൈസ്കൂൾ തലം വരെയുള്ള അദ്ധ്യാപക തസ്തികകളിൽ ഒഴിവുള്ളതിലേയ്ക്ക് പൊതു വിദ്യാഭ്യാസ വകുപ്പിൽ ജോലി നോക്കുന്ന അദ്ധ്യാപകരിൽ നിന്നും അപേക്ഷ ക്ഷണിക്കുകയും അതിന്റെ അടിസ്ഥാനത്തിൽ അപേക്ഷകരെ ഡയറക്ടർ (പബ്ലിക് ഇൻസ്ട്രക്ഷൻ), ഡയറക്ടർ (പട്ടികവർഗ്ഗ വികസന വകുപ്പ്), സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ (ഡി.പി.ഐ), എസ്.സി.ഇ.ആർ.ടി യിൽ നിന്നുള്ള വിദ്യാഭ്യാസ വിദഗ്ദ്ധൻ, ഡെപ്യൂട്ടി ഡയറക്ടർ (വിദ്യാഭ്യാസം, പട്ടികവർഗ്ഗ വികസന വകുപ്പ്) എന്നിവരുൾപ്പെട്ട വിദഗ്ദ്ധ പാനൽ ഇൻറർവ്യൂ നടത്തി ഒഴിവുകൾ നികത്തുകയുമാണ് ചെയ്യുന്നത്. ഹയർ സെക്കണ്ടറി തലത്തിൽ ഒഴിവുള്ള അദ്ധ്യാപക തസ്തികകൾ ഹയർ സെക്കണ്ടറി വിദ്യാഭ്യാസ വകുപ്പിൽ ജോലി നോക്കുന്ന അദ്ധ്യാപകരിൽ നിന്നും അപേക്ഷ ക്ഷണിക്കുകയും അതിന്റെ അടിസ്ഥാനത്തിൽ അപേക്ഷകരെ ഡയറക്ടർ (ഹയർ സെക്കണ്ടറി വിദ്യാഭ്യാസ വകുപ്പ്), ഡയറക്ടർ (പട്ടികവർഗ്ഗ വികസന വകുപ്പ്), ജോയിൻറ് ഡയറക്ടർ (ഹയർ സെക്കണ്ടറി വിദ്യാഭ്യാസ വകുപ്പ്), ഡപ്യൂട്ടി ഡയറക്ടർ (വിദ്യാഭ്യാസം, പട്ടികവർഗ്ഗ വികസന വകുപ്പ്), വിദ്യാഭ്യാസ വിദഗ്ദ്ധൻ എന്നിവരുൾപ്പെട്ട വിദഗ്ദ്ധ പാനൽ ഇൻറർവ്യൂ നടത്തി ഒഴിവുകൾ നികത്തുന്നു.<br>മുകളിൽ പറഞ്ഞ പ്രകാരം നിയമിക്കപ്പെട്ടതിനു |

| | | | |
|---|---|---|---|
| | | | ശേഷം ഒഴിവുവരുന്ന ഹൈസ്കൂൾ, ഹയർ സെക്കണ്ടറി തലത്തിൽ അദ്ധ്യാപക തസ്തികകളിൽ അദ്ധ്യാപകരെ കരാർ അടിസ്ഥാനത്തിൽ തെരഞ്ഞെടുക്കുന്നതിനായി അപേക്ഷ ക്ഷണിച്ച് ജില്ലാ കളക്ടർ, ജോയിൻറ് സെക്രട്ടറി/അണ്ടർ സെക്രട്ടറി (പട്ടികവർഗ്ഗ വികസന വകുപ്പ്), ഡയറക്ടർ (പട്ടികവർഗ്ഗ വികസന വകുപ്പ്), ജോയിൻറ് ഡയറക്ടർ (ഹയർ സെക്കണ്ടറി വിദ്യാഭ്യാസ വകുപ്പ്, ഡെപ്യൂട്ടി ഡയറക്ടർ/ ജില്ലാ വിദ്യാഭ്യാസ ഓഫീസർ (പൊതു വിദ്യാഭ്യാസ വകുപ്പ്), ബന്ധപ്പെട്ട മോഡൽ റസിഡൻഷ്യൽ സ്കൂൾ/ മോഡൽ റസിഡൻഷ്യൽ ഹയർ സെക്കണ്ടറി സ്കൂൾ പ്രിൻസിപ്പാൾ/ഹെഡ്മാസ്റ്റർ എന്നിവരടങ്ങിയ കമ്മിറ്റി ഇൻറർവ്യൂ നടത്തിയാണ് നിയമിക്കുന്നത്.<br><br>സി.ബി.എസ്.ഇ സിലബസിലുള്ള ഞാറനീലി (+2 വരെ), കുറ്റിച്ചൽ (4-ാം ക്ലാസ്സ് വരെ) എന്നീ സ്കൂളുകളിൽ സ്ഥിരം അദ്ധ്യാപക തസ്തിക നിലവിലില്ല. ആയതിനാൽ അപേക്ഷ ക്ഷണിച്ച് ജില്ലാ കളക്ടർ, അഡീഷണൽ സെക്രട്ടറി/ അണ്ടർ സെക്രട്ടറി (പട്ടികവർഗ്ഗ വികസന വകുപ്പ്), ഡയറക്ടർ (പട്ടികവർഗ്ഗ വികസന വകുപ്പ്), ജോയിൻറ് ഡയറക്ടർ (ഹയർ സെക്കണ്ടറി വിദ്യാഭ്യാസ വകുപ്പ്), ഡെപ്യൂട്ടി ഡയറക്ടർ/ജില്ലാ വിദ്യാഭ്യാസ ഓഫീസർ (പൊതു വിദ്യാഭ്യാസ വകുപ്പ്), ഡെപ്യൂട്ടി ഡയറക്ടർ (ജില്ലാ വിദ്യാഭ്യാസം),പ്രോജക്ട് ഓഫീസർ/ ട്രൈബൽ ഡവലപ്മെൻറ് ഓഫീസർ, ബന്ധപ്പെട്ട മോഡൽ റസിഡൻഷ്യൽ സ്കൂൾ/മോഡൽ റസിഡൻഷ്യൽ ഹയർ സെക്കണ്ടറി സ്കൂൾ പ്രിൻസിപ്പാൾ/ഹെഡ്മാസ്റ്റർ, കേന്ദ്രീയ വിദ്യാലയ/ നവോദയ സ്കൂൾ പ്രിൻസിപ്പാൾ എന്നിവരുൾപ്പെട്ട വിദഗ്ദ്ധ പാനൽ നടത്തുന്ന ഇൻറർവ്യൂവിന്റെ അടിസ്ഥാനത്തിൽ തെരഞ്ഞെടുക്കുന്ന വിദഗ്ദ്ധരായ അദ്ധ്യാപകരെയാണ് ടി സ്കൂളുകളിൽ നിയമിക്കുന്നത്. |

**സെക്ഷൻ ഓഫീസർ**